# വിദേശ വനിതകളുടെ മൊബൈൽ ഫോണുകൾ മോഷ്ടിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- കോവളം ബീച്ചിൽ നിന്നും വിദേശ വനിതകളുടെ മൊബൈൽ ഫോണുകളും ബാഗും മോഷ്ടിച്ചെടുത്തയാളെ പോലീസ് പിടികൂടി. വിഴിഞ്ഞം ആമ്പൽക്കുളം സ്വദേശി അലി എന്ന് വിളിക്കുന്ന സെയ്ദ് അലി (19)-യെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

തിങ്കളാഴ്ച രാവിലെ 11.00 മണിയ്ക്ക് കോവളം ബീച്ചിൽ നായ്ക്കൾക്ക് ഭക്ഷണം കൊടുക്കാനായി വന്ന വിദേശ വനിതകളുടെ വിലപിടിപ്പുള്ള രണ്ട് മൊബൈൽ ഫോണുകളും ബാഗും പ്രതി മോഷ്ടിച്ചെടുത്ത് കടന്ന് കളയുകയായിരുന്നു. സമീപത്തെ സി.സി.റ്റി.വി ദൃശ്യങ്ങൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. കോവളം എസ്.എച്ച്.ഒ രൂപേഷ് രാജ്, എസ്.ഐ ഗംഗാപ്രസാദ്, സി.പി.ഒ-മാരായ ഷിജു, ശ്യാംകൃഷ്ണൻ, രാജേഷ്, ബാബു, ബിജേഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



കോവളം പോലീസ് അറസ്റ്റ് ചെയ്ത
സെയ്ദ് അലി (19)